II ഇ.ബി. XV-കേരള നിയമസഭ/III-7

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ഒക്ടോബർ 12, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

18 (*181 ) വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നിക്ഷേപകർക്ക് പ്രോത്സാഹനവും സഹായവും നൽകാൻ നിയമനിർമ്മാണങ്ങൾ ഉൾപ്പെടെ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ ലൈസൻസ് ലഭ്യമാക്കുകയും വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിനും

ഏകോപിപ്പിക്കുന്നതിനും കെ-സിസ് (Kerala Centralised Inspection System) സംവിധാനം ഏർപ്പെടുത്തുകയും ഉയർന്ന സാമ്പത്തിക സാധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ (KIPF)' രൂപീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വ്യവസായ സംരംഭകരുടെയും നിക്ഷേപകരുടെയും പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിന് 'മീറ്റ് ദി മിനിസ്റ്റർ', 'മീറ്റ് ദി ഇൻവെസ്റ്റർ' എന്നീ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. സംരംഭകർക്ക് വിവിധ സേവനങ്ങളും അനുമതികളും നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ പരിഹരിക്കുന്നതിന് ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിന് ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED) സംസ്ഥാന വ്യാപകമായി വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. കൊല്ലം ചവറയിൽ നിക്ഷേപകനെ

ഭീഷണിപ്പെടുത്തിയതുസംബന്ധിച്ച പരാതിയിൽ വ്യവസായ സംരംഭത്തിന് ബിൽഡിംഗ് പെർമിറ്റ് ഉൾപ്പെടെ നിയമാനുസൃതമായ അനുമതി നൽകുകയും ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്താൻ നിർദ്ദേശം നൽകുകയും ചെയ്തു. സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലപരിധിയിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും വ്യവസായ സംരംഭങ്ങൾക്ക് ഭൂമി നൽകുന്നതിന് Land Allotment Policy സമയബന്ധിതമായി പ്രഖ്യാപിക്കുമെന്നും കൊച്ചിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള Exhibition cum Trade Centre ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആഗോള നിക്ഷേപസംഗമത്തിലൂടെ 476.26 കോടി രൂപയുടെ 22 പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

19 (*182) <u>തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കോവിഡ് ആഘാതത്തിന്റെ ആക്കം കുറയ്ക്കാനായി സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ മേഖലയിൽ സ്ഥിര നിയമനങ്ങൾ ഉൾപ്പെടെ 20578

തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 'വിദ്യാതരംഗിണി' പദ്ധതി പ്രകാരം 86270 പേർക്ക് 83,40,62.813 രൂപയുടെ വായ്പയും 'മുറ്റത്തെ മുല്ല' പദ്ധതിയിൽ 12277 സംഘങ്ങൾക്കായി ഏകദേശം 1316.16 കോടി രൂപയുടെ ധനസഹായവും നൽകിയിട്ടുണ്ട്. 'കെയർ ഹോം' പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 2073 വീടുകൾ കൈമാറുകയും രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ 40 ഫ്ലാറ്റുകളുടെയും ആലപ്പുഴ ജില്ലയിൽ 12 വീടുകളുടെയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 29 യുവജന സഹകരണസംഘങ്ങളും കോവിഡ് സാമഗ്രികൾ നിർമ്മിക്കുന്ന 12 വനിതാ സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുകയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ഒക്ടോബർ 30 വരെ ദീർഘിപ്പിക്കുകയും സർപ്ലസ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് കൺസോർഷ്യങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും 'കോപ്മാർട്ട് ' ഏർപ്പെടുത്തിയിട്ടുണ്ടെന്നും പാലക്കാട്, കുട്ടനാട്, അപ്പർ കുട്ടനാട് എന്നിവിടങ്ങളിൽ റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും കോവിഡ്മൂലം മരണപ്പെട്ട സഹകാരികൾക്ക് റിസ്ക്

ഫണ്ടിന്റെ ആനുകൂല്യം നൽകുന്നുണ്ടെന്നും കേരള ബാങ്കിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

20 (* 183) ഇലക്ട്രോണിക്സ് വ്യവസായവുമായി ബന്ധപ്പെട്ട പദ്ധതികൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി വ്യവസായ മേഖലയിൽ വിവിധ പദ്ധതികളാവിഷ്കരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടെന്നും കാക്കനാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ നടപ്പിലാക്കിവരുന്നുണ്ടെന്നും പെരുമ്പാവൂരിൽ ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള ഐ.ടി/ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ വികസിപ്പിക്കുന്ന മറ്റൊരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കെൽട്രോണിന് പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യം നൽകുകയും കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുകയും നാവിക പ്രതിരോധ മേഖലയിൽ ഉപയോഗിക്കുന്ന തന്ത്രപ്രധാന ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് എൻ.പി.ഒ.എൽ.-മായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. കെൽട്രോണിന് പ്രവർത്തന

മൂലധനം തടസ്സമില്ലാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഇലക്ട്രോണിക്സ് മേഖലയിൽ കൂടുതൽ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ ആഭ്യന്തരമായി നിർമ്മിക്കുന്നതിന്റെ ആദ്യപടിയായി തിരുവനന്തപുരത്തെ കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കിൻഫ്ര വ്യവസായ പാർക്കിൽ 819.64 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനും ഇലക്ട്രോണിക്സ് മേഖലയിൽ 11235 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ടെന്നും ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.